ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി

66 (4648) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതി പൂർത്തീകരിക്കുന്നതിന് കരാറുകാരുമായി ഉണ്ടാക്കിയ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇത് പ്രകാരം എന്നത്തേക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി യഥാസമയത്ത് പൂർത്തിയാക്കാത്തതുമൂലം എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള സ്വയപരിധി 31-12-2016 വരെ നീട്ടി നൽകിയത് താഴെ പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ് :

1. ജൂലൈ 2016-ൽ പരീക്ഷണ വൈദ്യുതോല്പാദനം സാധ്യമാക്കണം. ഡിസംബർ 2016-ൽ പദ്ധതി പൂർത്തീകരിച്ച് കൈമാറുകയും ചെയ്യണം.

2. കരാറുകാരൻ പുതുക്കിയ സമയപട്ടികപ്രകാരം ആനുപാതികമായ പുരോഗതി കൈവരിക്കേണ്ടതാണ്. അതിൽ വലിയ വീഴ്ചവരുത്തുന്ന പക്ഷം ബോർഡിന് ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത കരാറുകാരിൽനിന്നും ഈടാക്കി കരാർ അവസാനിപ്പിക്കുന്നതാണ്.

3. പദ്ധതിയുടെ പുരോഗതി Project Monitoring Committee നിരന്തരം നിരീക്ഷിക്കുന്നതാണ്. 31-12-2015-ലും 31-3-2016-ലും പദ്ധതി നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്യുന്നതും ഉദ്ദേശിച്ച പുരോഗതി കൈവരിച്ചില്ലെങ്കിൽ കൂടുതൽ തുക ബില്ലിൽനിന്നും retention ആയി ഈടാക്കുന്നതുമാണ്.

4. പദ്ധതി 'Fast Track Projects'-ൽ ഉൾപ്പെടുത്തി കരാറുകാരൻ ചെയ്ത ജോലിയുടെ ബിൽ തുക സമയബന്ധിതമായി കൊടുക്കുന്നതാണ്.

5. പദ്ധതി പൂർത്തീകരണ കാലാവധി ഇപ്രകാരം നീട്ടിക്കൊടുക്കുന്നതു കൊണ്ട് ബോർഡ് അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-12-2016-ൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) പദ്ധതി യഥാസമയത്ത് പൂർത്തിയാകാത്തതുകൊണ്ട് പ്രതിവർഷം 14.76 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദനനഷ്ടം വരുന്നുണ്ട്. യൂണിറ്റിന് മൂന്ന് രൂപ നിരക്കിൽ പ്രതിവർഷ ഉല്പാദനനഷ്ടം 4 .43 കോടി രൂപയാണ്.

ഊർജ്ജോല്പാദനവും ഉപഭോഗവും

67 (4649) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ദിവസത്തെ ഉപഭോഗത്തിനാവശ്യമായ ഊർജ്ജം എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എല്ലാത്തരം ഉപഭോക്താക്കൾക്കുമായി എത്ര വൈദ്യുതി വേണ്ടി വരുമെന്ന് വ്യക്തമാക്കാമോ ;

(ബി) 1-6-2015-ലെ കണക്കുപ്രകാരം കേന്ദ്രവിഹിതം ഉൾപ്പെടെയുള്ള വിവിധതരം പദ്ധതികളിൽ നിന്നുമായി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2015 ജൂലൈ മാസം 1 മുതൽ 15 വരെയുള്ള ശരാശരി പ്രതിദിന ഉപഭോഗം 60.6802 ദശലക്ഷം യൂണിറ്റ് ആണ്.

കാലാവസ്ഥാനുസൃതമായി പ്രതിദിന ആവശ്യകതയിൽ ചെറുതല്ലാത്ത മാറ്റങ്ങൾ ഉണ്ടാകാറുണ്ട്.

(ബി) 1-6-2015-ലെ കണക്കു പ്രകാരം വിവിധ പദ്ധതികളിൽ നിന്നുമായി ശരാശരി 3400 മെഗാവാട്ട് വൈദ്യുതിയുടെ പ്രതിദിന ഉത്പാദനം നടന്നുവരുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

ജലവൈദ്യുതി	-	1600 മെഗാവാട്ട്
താപവൈദ്യുതി	-	70 മെഗാവാട്ട്
കേന്ദ്രവിഹിതം	-	1100 മെഗാവാട്ട്
കരാറടിസ്ഥാനത്തിൽ		
ടേഡർമാർ മുഖേന	-	400 മെഗാവാട്ട്
Deviation/Unrequisitioned		
Surplus(URS)/		
പവർ എക്സ്ചേഞ്ച്		
എന്നിവ മുഖേന	-	230 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly